● കാഴ്ചപ്പാട്



# കാഴ്ചയും സംസ്കാരവും

**ചെറിയാൻ ജോസഫ്**
എക്സിക്യൂട്ടീവ് ഡയറക്ടർ, IFFT - 2004



2004 ആഗസ്റ്റ് 19 മുതൽ 26 വരെ കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനം എന്നറിയപ്പെടുന്ന തൃശ്ശൂരിൽ ഒരു രാജ്യാന്തര ചലച്ചിത്രമേള നടക്കുകയാണ്. സിനിമ, പ്രത്യേകിച്ചും സമാന്തര സിനിമ, നിരവധി പ്രതിസന്ധികളെ അഭിമുഖീകരിക്കുന്ന സന്ദർഭത്തിലാണ് ഈ മേള നടക്കുന്നത്. വാണിജ്യവത്ക്കരണം ഇന്ന് സമാന്തര സിനിമകളുടെ നിർമ്മാണത്തെ മാത്രമല്ല തടസ്സപ്പെടുത്തുന്നത്. മറിച്ച് പ്രദർശനങ്ങളെക്കൂടിയാണ്. ഇത്തരം സിനിമകളുടെ പ്രദർശനം ഇന്ന് പ്രേക്ഷകന്റെ അടുത്തെത്തുന്നില്ല. അല്ലെങ്കിൽ താത്പര്യമുള്ള പ്രേക്ഷകന് ഇത്തരം സിനിമകളുടെ അടുത്തെത്താനാകുന്നില്ല. ടെക്നോളജിയുടെ വികാസം സിനിമയെ പ്രേക്ഷകന്റെ അലമാരയിലെത്തിച്ചു എന്നതും ഈ സിനിമകളെ സംബന്ധിച്ചിടത്തോളം ആശാസ്യമല്ല. ആകെക്കൂടി ഇന്ന് നിലനിൽക്കുന്ന ഫിലിം സൊസൈറ്റികളും ഫിലിം ക്ലബ്ബുകളും വഴിയുള്ള പ്രദർശനത്തിലൂടെയാണ് ഇത്തരം സിനിമകൾ പ്രേക്ഷകരെ കണ്ടെത്തുന്നത്.

എന്നാൽ സമാന്തര സിനിമ നേരിട്ട ഏറ്റവും വലിയ തളർച്ച ഇതൊന്നുമല്ല. ആശയപരമായ മേൽക്കൈ നഷ്ടപ്പെട്ടതാണത്. എണ്ണം വച്ചു നോക്കുമ്പോൾ ഏറ്റവും പുഷ്ക്കലമായ കാലത്തുപോലും ഇറങ്ങിയിരുന്ന സമാന്തര സിനിമകളുടെ എണ്ണം ഓരോ വർഷവും ഒന്നോ രണ്ടോ എന്നു തന്നെയായിരുന്നു. എന്നാൽ അവ അഴിച്ചു വിട്ടിരുന്ന സംവാദ ശൃംഖല ബൃഹത്തായിരുന്നു, സജീവവുമായിരുന്നു. കാഴ്ചയുടെ മേഖലകളിൽ വലിയ സ്വാധീന ശക്തി അത് ഉളവാക്കിയിരുന്നു. കാലാകാലങ്ങളിൽ ധരിക്കേണ്ട ഉടയാടകളുടെ, മുടിചീകലിന്റെ മാതൃകകൾ നല്കുന്ന ബ്യൂട്ടി പാർലറല്ല സിനിമ എന്ന് നാം തിരിച്ചറിഞ്ഞത് അപ്പോഴാണ്. മനുഷ്യ ദൈവങ്ങളെ ഉല്പാദിപ്പിക്കുന്ന ഫാക്ടറിയല്ല അതെന്ന് ബോധ്യപ്പെട്ടതും. ജീവിതനീതിയെക്കുറിച്ചുള്ള കപടമിത്തുകൾ നൽകുന്ന കൗശലവുമല്ല സിനിമ എന്ന വെളിപാടും അന്നുതന്നെയാണ് ഉണ്ടായത്. മൂലധനത്തിന്റേയും വിപണനശൃംഖലയുടേയും പരസ്യ പ്രക്ഷാളനത്തിന്റേയും സാംസ്കാരികാക്രമണങ്ങൾക്കെതിരെ കാഴ്ചയുടെ വിമതത്വം പൊരുതി ജയിച്ച ഒരു കാലമായിരുന്നു, അത്.

ഒപ്പം തന്നെ, സമാന്തര സിനിമയ്ക്ക് എത്തിപ്പിടിക്കാനാകാത്തവണ്ണം ദൂരത്താണ് ഇന്ന് ബിഗ്സ്ക്രീൻ അഥവാ വെള്ളിത്തിര. ഇത്തരം സിനിമകളുടെ പ്രദർശനം വീഡിയോ പ്രൊജക്റ്റുകളുടെ ചെറുചെറു പ്രക്ഷേപങ്ങളിൽ തളച്ചിടപ്പെട്ടിരുന്നു. വെള്ളിത്തിര എന്നത് ഏതാനും അടി നീളവും വീതിയും ഉള്ള വെളുത്ത തുണി മാത്രമല്ല എന്ന് നമുക്കറിയാം. അത് കാഴ്ചയുടെ സംസ്കാരം നിർണ്ണയിക്കപ്പെടുന്ന സ്ഥലമാണ്. അവിടെയാണ് സിനിമ 'ഒരു മിനിറ്റിൽ 24 തവണ കടന്നുപോകുന്ന സത്യ'മായത്. അവിടെത്തന്നെയാണ് 'ക്യാമറയുടെ കണ്ണു തുറന്നപ്പോൾ വിസ്ഫോടന'മുണ്ടായത്. അതിലാണ് സിനിമ 'കാലത്തിൽ കൊത്തിയ ശില്പങ്ങ'ളായത്. രണ്ടു ദൃശ്യങ്ങൾ ഒന്നിച്ചു ചേർന്ന് മൂന്നാമത് ഒരു അർത്ഥമുണ്ടാക്കിയത് അവിടെയാണ്. അതല്ല, ഒറ്റ ദൃശ്യം തന്നെ അതിന്റെ അനേകാർത്ഥങ്ങളെ പ്രകാശിപ്പിക്കും എന്ന വിയോജനക്കുറിപ്പുണ്ടായതും അതിൽത്തന്നെ. അതിനാൽ വെള്ളിത്തിരയിൽ നിന്നുള്ള സമാന്തര സിനിമയുടെ വീഴ്ച, കാഴ്ചയുടെ ചരിത്രത്തിൽ 'സ്വർഗ്ഗത്തിൽ നിന്നുള്ള മനുഷ്യരുടെ വീഴ്ച'യാണ്. അതായത് ബിഗ്സ്ക്രീൻ എന്നത് സിനിമയെ സംബന്ധിച്ചിടത്തോളം സാങ്കേതികമായ ഒരു കാര്യം മാത്രമല്ല എന്നർത്ഥം. അത് സംവേദനത്തിന്റെ ഒരു വ്യവസ്ഥ തന്നെയാണ്.

ഇന്ന് ചെറു ചെറു നഗരങ്ങളെ കേന്ദ്രീകരിച്ച് ഉയർന്നു വരുന്ന നിരവധി ചലച്ചിത്ര മേളകളെ ഈ സന്ദർഭത്തിൽ വച്ചാണ് പരിശോധിക്കേണ്ടത്. അതിന്റെ ഏറ്റവും വലിയ പ്രത്യേകത ഫിലിം സൊസൈറ്റി പ്രസ്ഥാനങ്ങളുടെ പരിമിതിയെ അതിജീവിച്ചു കൊണ്ടുള്ള വലിയ സാംസ്കാരിക നിർമ്മിതിയാണ് അത് എന്നുള്ളതാണ്. അത് സമാന്തര സിനിമയെ പ്രേക്ഷകന് മുന്നിലെത്തിക്കുന്നു. ആ സംവേദനം നടക്കുന്നതാകട്ടെ മിക്കവാറും ബിഗ് സ്ക്രീനും തിയ്യേറ്ററുമടക്കമുള്ള സംവേദന വ്യവസ്ഥയിലൂടെത്തന്നെ. കേരളത്തിൽ ഇന്ന് നിലവിലുള്ളതും ഉയർന്നു വരുന്നതുമായ ഫിലിം ഫെസ്റ്റിവലുകളെ തമ്മിൽ ബന്ധിപ്പിച്ച് ഒരു ഫെസ്റ്റിവൽ കലണ്ടർ നിർമ്മിക്കാൻ കഴിഞ്ഞാൽ, അത് പുതിയ സിനിമയെ ആവിർഭവിപ്പിക്കും എന്നതിൽ യാതൊരു സംശയവുമില്ല.

(പ്രഥമ തൃശൂർ അന്താരാഷ്ട്ര ഫിലിംഫെസ്റ്റിവൽ പുസ്തകത്തിൽനിന്ന്)